12
ബുധൻ
ജൂൺ 2019
1194 എടവം 29

പാലക്കാട്
web: www.thurannakathu.com
തുറന്നകത്ത്
നിഷ്പക്ഷതയുടെ സാക്ഷ്യപത്രം
ഫോൺ: 0491-2501984, 2527777, 9447178984,9447078984. E-mail:tkdpkd@gmail.com, : thurannakathu palakkad P.B. No: 58

Abdul Razack
+91 9037180405
പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ ബിരിയാണി സെന്റർ
NMR BIRIYANI HOUSE
ഗുണമേന്മയുള്ള ബിരിയാണി രുചിയേറും സ്വാദോടെ മിതമായ നിരക്കിൽ
FAMILY RESTAURANT
Near Stadium Bus Stand, Palakkad
Ph: 04912 544044, 09037 544044
www.nmrbiriyani.com

Estd: 1984 ● 'Registered': No.PGT/049/2018-2020 ● പുസ്തകം 34 ● ലക്കം 149 ● Member News Papers Association Of India ● RNI. Reg. No: 36217/84 ● വില 3 രൂപ ● പേജ് 4

ടാക്സ് കൺസൾട്ടന്റ്സ് അസോസിയേഷൻ പാലക്കാട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സെമിനാർ സംസ്ഥാന ജനറൽ സെക്രട്ടറി എം.ആർ.മണികണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു

വിദ്യാർത്ഥിക്ക് നിപാ ബാധിച്ചത് വവ്വാൽ കടിച്ച പേരക്കയിൽ നിന്ന്

കൊച്ചി: കൊച്ചിയിൽ വിദ്യാർഥിക്ക് നിപാ ബാധയേറ്റത് വവ്വാൽ കടിച്ച പേരയ്ക്ക കഴിച്ചതിലൂടെയെന്ന് സംശയം. നിപ ബാധിതനായ വിദ്യാർഥി രോഗം വരുന്നതിന് രണ്ടാഴ്ച മുമ്പ് ഇയാൾ ചീഞ്ഞ പേരയ്ക്ക് കഴിച്ചിരുന്നുവെന്ന് കേന്ദ്ര സംഘം ജില്ലാ കലക്ടർക്ക് റിപ്പോർട്ട് നൽകി. കൂടുതൽ പഠനങ്ങൾക്കായിട്ടാണ് റിപ്പോർട്ട് നൽകിയത്.

കേന്ദ്ര വിദഗ്ധ സംഘം രോഗബാധിതനായ വിദ്യർഥിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇത്തരത്തിൽ നേരിട്ട് സംസാരിച്ച സമയത്താണ് താൻ രോഗം വരുന്നതിന് രണ്ടാഴ്ച മുമ്പ് പേരയ്ക്ക കഴിച്ചിരുന്നുവെന്ന് വ്യക്തമാക്കിയത്. കൂടാതെ യുവാവിന്റെ ആരോഗ്യ നിലയിൽ നല്ല പുരോഗതിയുണ്ടെന്ന് മെഡിക്കൽ സംഘം വ്യക്തമാക്കി. കഴിഞ്ഞ 48 മണിക്കൂറായി യുവാവിന് പനിയില്ലെന്നും, നില മെച്ചപ്പെട്ടതിന്റെ സൂചനയാണ് ഇതെന്നും ആരോഗ്യ വകുപ്പ് വ്യക്തമാക്കി. പരസഹായമില്ലാതെ നടക്കാനും, ഭക്ഷണം കഴിക്കാനും സാധിക്കുന്നുണ്ടെന്ന് കലക്ടർ കെ മുഹമ്മദ് വൈ സഫീറുള്ളയും പറഞ്ഞിരുന്നു.

അതിനിടെ യുവാവുമായി അടുത്തിടപഴകിയവരുടെ കൂട്ടത്തിലുണ്ടായിരുന്ന മാവേലിക്കര സ്വദേശിയായ ഇരുപത്തിയേഴുകാരിയെ പനിയെ തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു. യുവാവിനെ പരിചരിച്ച കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലെ നേഴ്സാണ് ഇവർ. കളമശേരി മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡിൽ കഴിയുന്ന ഏഴ് രോഗികളുടെ സാമ്പിളുകളിലും നിപയില്ലെന്ന് വ്യക്തമായിട്ടുണ്ട്.

മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തു

പാലക്കാട്: ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അംഗപരിമിതർക്ക് മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ശാന്തകുമാരി മുച്ചക്രവാഹനവിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബിന്ദു സുരേഷ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി കെ നാരായണദാസ് മുഖ്യാതിഥിയായി.

ലിഫ്റ്റിന്റെയും റാമ്പിന്റെയും പണി പുരോഗമിക്കുന്നു

പാലക്കാട്: അംഗപരിമിതർക്കും വൃദ്ധർക്കും സിവിൽ സ്റ്റേഷനിലെ മുകൾനിലകളിലേക്ക് ഗോവണി കയറി പോകാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് റാമ്പും ലിഫ്റ്റും സ്ഥാപിക്കുന്ന പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. താഴെ നിന്നും വരാന്തയിലേക്ക് കയറാനുള്ള രണ്ടുറാമ്പുകളുടെയും പണി പൂർത്തിയായി. ലിഫ്റ്റിന്റെ പണി അന്തിമഘട്ടത്തിലാണ്.

എല്ലാ വിവാഹ പർച്ചേസുകൾക്കും അഡ്വാൻസ് ബുക്കിംഗ് സൗകര്യം ലഭ്യമാണ്.

6 മാസത്തേക്ക് വരെ മുൻകൂട്ടി ബുക്ക് ചെയ്യാം

അഡ്വാൻസ് കാലാവധി	അടയ്ക്കേണ്ട തുക
10 ദിവസം	10%
20 ദിവസം	20%
30 ദിവസം	30%
40 ദിവസം	40%
50 ദിവസം	50%
60 ദിവസം	60%

KALYAN JEWELLERS

ബുക്ക് ചെയ്യുന്ന ദിവസത്തെ സ്വർണ്ണവിലയോ, ആഭരണം വാങ്ങുന്ന ദിവസത്തെ സ്വർണ്ണവിലയോ, ഏതാണോ കുറവ് ആ വിലയ്ക്ക് ആഭരണങ്ങൾ സ്വന്തമാക്കാം.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കൂ
9446898850 (G.B. ROAD, PALAKKAD)

117 BRANCHES SPREAD ACROSS INDIA AND MIDDLE EAST | SHOP ONLINE AT WWW.KALYANJEWELLERSONLINE.CO
OPEN ON ALL SUNDAYS | FOLLOW US ON TOLL FREE - 1800 425 7333

ശ്രീലങ്കൻ സ്ഫോടനവുമായി ബന്ധപ്പെട്ട് കോയമ്പത്തൂരിൽ എൻ.ഐ.എ റെയ്ഡ്

കോയമ്പത്തൂർ: ശ്രീലങ്കൻ സ്ഫോടന പരമ്പരയിൽ എൻ.ഐ.എ റെയ്ഡ്. കോയമ്പത്തൂരിലെ എട്ട് സ്ഥലങ്ങളിലാണ് റെയ്ഡ് നടന്നത്. എട്ട് പേരെ ചോദ്യം ചെയ്തു. ചെന്നൈയിലും എൻ.ഐ.എ റെയ്ഡ് നടത്തിയിരുന്നു.

ഇന്ന് രാവിലെ 6 മണിയോടെയാണ് പരിശോധന തുടങ്ങിയത്. കോയമ്പത്തൂരിലെയും കൊച്ചിയിലെയും എൻ.ഐ.എ സംഘങ്ങൾ സംയുക്തമായാണ് പരിശോധന നടത്തിയത്. പോത്തനൂർ, ഉക്കടം, കുനിയമ്പത്തൂർ എന്നിവടങ്ങളിലാണ് പരിശോധന നടത്തിയത്. എട്ട് പേരുടെ വീടുകളിലും, വ്യാപാര സ്ഥാപനങ്ങളിലും പരിശോധന നടത്തി.

ശ്രീലങ്കൻ സ്ഫോടനത്തിൽ ഉൾപ്പെട്ടവരുമായി സാമൂഹ്യ മാധ്യമങ്ങളിൽ ആശയ വിനിമയം നടത്തിയവരുടെ വീടുകളിലും, സ്ഥാപനങ്ങളിലുമാണ് പരിശോധന നടത്തിയതെന്നാണ് സൂചന. ശ്രീലങ്കൻ സ്ഫോടക പരമ്പരയുമായി ബന്ധപെട്ട് നേരത്തെ ചെന്നൈ രാമനാഥപുരം, ചിദംബരം എന്നിവടങ്ങിലും എൻ.ഐ.എ റെയ്ഡ് നടത്തിയിരുന്നു.

വിവിധ സംഘടനകളുടെ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ പെൻഡ്രൈവുകൾ ഉൾപടെയുള്ള ഡിജിറ്റൽ രേഖകളും കണ്ടെത്തിയിരുന്നു. തീവ്രവാദ സംഘടനകൾക്ക് ആയുധങ്ങൾ എത്തിച്ചു നൽകിയതുമായ ബന്ധപ്പെട്ടാണ് റെയ്ഡ് നടത്തിയത്. വിവിധ സംഘടനകളിലെ 200ൽ അധികം ആളുകൾ എൻ.ഐ.എയുടെ നിരീക്ഷണത്തിലാണ്.

ബേസിക് കൗൺസലിംഗ് കോഴ്സ് ജൂലൈ 21 മുതൽ

പാലക്കാട്: ഫാമിലി വെൽനസ് സെന്ററിൽ ജൂലൈ 21 മുതൽ ആരംഭിക്കുന്ന 24-ാം ബാച്ച് ബേസിക് കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് പ്രവേശനം തുടങ്ങി. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ (ഇഗ്നോ) റെഗുലർ കോഴ്സുകൾക്ക് അംഗീകാരമുള്ള ഫാമിലി അപ്പോസ്ലേറ്റ് ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ കോഴ്സിൽ മനശാസ്ത്രത്തിന്റെ വിവിധ മേഖലകളിലും കൗൺസിലിംഗ്, സൈക്കോ തെറാപ്പി തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകും.

150 മണിക്കൂറുകൾകൊണ്ട് പൂർത്തിയാക്കുന്ന ഈ കോഴ്സ് രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ച ഒഴികെയുള്ള പൊതു അവധി ദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെ നടക്കും. താത്പര്യമുള്ളവർ ഡയറക്ടർ, ഫാമിലി വെൽനസ് സെന്റർ, കുന്നത്തൂർമേട്, പാലക്കാട്-13 എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ 9446948998, 0491 2530680.

രണ്ടാം മോദി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ മന്ത്രി സഭാ യോഗം ഇന്ന്

ന്യൂഡൽഹി: രണ്ടാം നരേന്ദ്ര മോദി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ മന്ത്രി സഭാ യോഗം ഇന്ന് നടക്കും. ക്യാബിനറ്റ് മന്ത്രിമാർക്ക് പുറമെ സഹമന്ത്രിമാരുടെ യോഗവും ചേരുന്നുണ്ട്. യോഗത്തിൽ സർക്കാരിന്റെ വികസന കാഴ്ച്ചപ്പാടുകൾ പ്രധാനമന്ത്രി വിശദീകരിക്കും. മെയ് 30 നായിരുന്നു രണ്ടാം മോദി സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. വൈകീട്ട് നാലു മണിക്കാണ് യോഗം.

17 ാം ലോക്സഭയുടെ ആദ്യ സമ്മേളനം തിങ്കളാഴ്ച ആരംഭിക്കാനിരിക്കെയാണ് മന്ത്രി സഭ യോഗംചേരുന്നത്. നേരത്തെ സത്യപ്രതിജ്ഞയ്ക്ക് പിന്നാലെ ആദ്യ മന്ത്രിസഭാ യോഗം മെയ് 31 ന് ചേർന്നിരുന്നു. സർക്കാരിന്റെ വികസന കാഴ്ചപ്പാടുകൾക്ക് പുറമെ വികസന പദ്ധതികളുടെ രൂപരേഖയും പ്രധാനമന്ത്രി അവതരിപ്പിക്കും.

യോഗത്തിൽ മന്ത്രിമാർ അവരുടെ വകുപ്പുകളുടെ കർമ്മ പദ്ധതികളുടെ കരട് അവതരിപ്പിച്ചേക്കും. ക്ഷേമ പദ്ധതികൾ ഏത് നിലയിൽ ജനങ്ങളിലേക്ക് എത്തിക്കണമെന്ന നിർദേശം സഹമന്ത്രിമാർക്ക് നൽകും. പാർലമെന്റ് സമ്മേളനത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ക്യാബിനറ്റ് മന്ത്രിമാർക്കൊപ്പം സഹമന്ത്രിമാരും പ്രാപ്തരായിരിക്കണമെന്ന നിർദേശം നൽകും.

അഴിമതി രഹിതമായി വകുപ്പുകൾ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം നേരത്തെ മന്ത്രിമാർക്ക് നൽകിയിരുന്നു. മെയ് 31 ന് ചേർന്ന ആദ്യ മന്ത്രിസഭാ യോഗത്തിൽ കർഷക ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചിരുന്നു.

കുപ്പിവെള്ളം ഇനി 13 രൂപയ്ക്ക്

തിരു: ഒരു ലിറ്റർ കുപ്പിവെള്ളത്തിന് 13 രൂപയായി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം ഉടൻ പുറത്തിറക്കുമെന്ന് ഭക്ഷ്യമന്ത്രി പി.തിലോത്തമൻ ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു.

കുടിവെള്ളം അവശ്യവസ്തുവായി പ്രഖ്യാപിക്കാനാണ് സർക്കാർ തീരുമാനം. കുപ്പിവെള്ള കമ്പനികളുടെ കൊള്ള തടയാൻ ഇതുവഴി കഴിയും.

കുപ്പിവെള്ളത്തിന് അമിത വില ഈടാക്കുന്ന കമ്പനികൾക്ക് കടിഞ്ഞാണിടുന്നതാണ് സർക്കാർ നടപടി. കുപ്പിവെള്ളത്തിന്റെ വിലകുറയ്ക്കണമെന്ന് നേരത്തേ കുടിവെള്ള കമ്പനികളോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു.

ചില കമ്പനികൾ ഇതിന് തയാറായെങ്കിലും വൻകിട കമ്പനികൾ സർക്കാരിന്റെ ആവശ്യം തള്ളി. കുടിവെള്ള വില്പനക്കാരും എതിർപ്പ് അറിയിച്ചു. ഈ പശ്ചാത്തലത്തിലാണ് സർക്കാരിന്റെ പുതിയ നീക്കം.

സിവിൽ സപ്ലൈസ് വകുപ്പിന്റെ വില്പനശാലകളിൽ കുപ്പിവെള്ളം 11 രൂപയ്ക്കാണ് വിൽക്കുന്നത്. റേഷൻ കടകളിലൂടെയും ഈ വിലയ്ക്ക് കുപ്പിവെള്ളം കിട്ടും

അവശ്യ വസ്തുവാകുന്നതോടെ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്കു മാത്രമേ വെള്ളം വിൽക്കാനാകൂ. ലംഘിക്കുന്നവർക്കെതിരേ നിയമനടപടിയുണ്ടാകും.

ചാന്ദ്രയാൻ 2 അടുത്ത മാസം കുതിച്ചുയരും

ബെംഗളൂരു: ചന്ദ്രന്റെ രഹസ്യങ്ങൾ കണ്ടെത്താനുള്ള ഇന്ത്യയുടെ അഭിമാനദൗത്യം ചാന്ദ്രയാൻ 2 അടുത്ത മാസം കുതിച്ചുയരും. അടുത്ത മാസം 9 മുതൽ 16 വരെ ഏതെങ്കിലുമൊരു ദിവസങ്ങളിലൊന്നിൽ ചാന്ദ്രയാൻ - 2 വിക്ഷേപിക്കുമെന്ന് ഐഎസ്ആർഒ വ്യക്തമാക്കി. തീയതി ഉടൻ ഐഎസ്ആർഒ ചെയർമാൻ കെ ശിവൻ പ്രഖ്യാപിക്കും. ചാന്ദ്രയാൻ - 2 ദൗത്യത്തിൻറെ മൊഡ്യൂളുകളുടെ ദൃശ്യങ്ങൾ ഐഎസ്ആർഒ പുറത്തു വിട്ടു.

അതിസങ്കീർണമായ ലാൻഡിംഗിനാണ് ചാന്ദ്രയാൻ-2 ഒരുങ്ങുന്നത്. മൂന്ന് മൊഡ്യൂളുകളാണ് ചാന്ദ്രയാൻ രണ്ടാം ദൗത്യത്തിലുള്ളത്. ഓർബിറ്റർ, ലാൻഡർ, റോവർ എന്നിവ. ലാൻഡിംഗിന് ഉപയോഗിക്കുന്ന മൊഡ്യൂളിൻറെ പേര് വിക്രം എന്നാണ്. വിക്രം സാരാഭായിക്ക് ആദരമർപ്പിച്ചുകൊണ്ടുള്ള പേര്. സോഫ്റ്റ് ലാൻഡിംഗ് രീതി ഇന്ത്യ ആദ്യമായി പരീക്ഷിക്കുകയാണ് ചാന്ദ്രയാൻ രണ്ടിലൂടെ. ഇറങ്ങുന്നതോ ഏറെ വെല്ലുവിളികൾ നിറഞ്ഞ ചന്ദ്രൻറെ ദക്ഷിണധ്രുവത്തിലും. ഇതുവരെ ഒരു ബഹിരാകാശവാഹനവും ചന്ദ്രൻറെ ദക്ഷിണധ്രുവത്തിൽ ഇറങ്ങിയിട്ടില്ല. കഴിഞ്ഞ തവണയെല്ലാം, ചാന്ദ്രയാൻ - ഒന്നാം ദൗത്യത്തിലടക്കം ഉപരിതലത്തിൽ ഇടിച്ചിറങ്ങുന്ന രീതിയാണ് ഐഎസ്ആർഒ അവലംബിച്ചിരുന്നത്. ഇത്തവണ സോഫ്റ്റ് ലാൻഡിംഗിന് ശ്രമിക്കുകയാണ് ഐഎസ്ആർഒ. ഇന്ത്യക്ക് മുമ്പ് ഈ രീതി പരീക്ഷിച്ച് വിജയിച്ചിട്ടുള്ളത് അമേരിക്കയും ചൈനയും റഷ്യയും മാത്രമാണ്.

ഒരു വർഷത്തേക്കുള്ള സംഘടനാ പദ്ധതികൾ തയ്യാറാക്കാൻ ബിജെപി

ന്യൂഡൽഹി: വരുന്ന ഒരു വർഷത്തേക്കുള്ള സംഘടനാ പദ്ധതികൾ തയ്യാറാക്കാൻ ബിജെപി സംസ്ഥാന അധ്യക്ഷന്മാരുടെ യോഗം വിളിച്ച് അമിത് ഷാ. ഡൽഹിയിൽ നാളെയാണ് യോഗം നടക്കുക. കേരള ഘടകം അധ്യക്ഷൻ പി.എസ് ശ്രീധരൻ പിള്ളയും യോഗത്തിൽ പങ്കെടുക്കും.

ലോകസഭാ തിരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തും പത്തനംതിട്ടയിലും പോൾ ചെയ്ത ഹിന്ദു വോട്ടിന്റെ പകുതി പോലും നേടാൻ കഴിയാത്തത് സംബന്ധിച്ച റിപ്പോർട്ട് ശ്രീധരൻ പിള്ള യോഗ്യത്തിൽ അവതരിപ്പിക്കും മറ്റ് നാല് മണ്ഡലങ്ങളിലെ വോട്ടിംങ് പറ്റേൺ സംബന്ധിച്ചും വിശദമായ ചർച്ച യോഗത്തിൽ നടക്കും.

കേന്ദ്ര ആഭ്യന്തര മന്ത്രിയായ ശേഷം ആദ്യമായാണ് അമിത് ഷാ പാർട്ടിയുടെ സമ്പൂർണ്ണ സംഘടനാ വിളിച്ചു ചേർക്കുന്നത്. ഡൽഹിയിലെ ബി.ജെ.പി ആസ്ഥാനത്ത് നടക്കുന്ന യോഗത്തിൽ മുഴുവൻ സംസ്ഥാന അധ്യക്ഷൻമാരും സംഘടനാ ചുമതലയുള്ള സെക്രട്ടറിമാരും പങ്കെടുക്കും.

ബിജെപിക്ക് കനത്ത തിരിച്ചടിയായ സംസ്ഥാനങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതികളും യോഗം ആവിഷ്കരിക്കും. ബിജെപി സംസ്ഥാന അധ്യക്ഷൻ ശ്രീധരൻ പിള്ളയ്ക്ക് പുറമെ രണ്ട് സംഘടനാ സെക്രട്ടറിമാർ എന്നിവർ യോഗത്തിൽ പങ്കെടുക്കും.

കേരളത്തിലെ ലോകസഭാ തിരഞ്ഞെടുപ്പ് അവലോകനവും യോഗത്തിൽ നടക്കും. തിരുവനന്തപുരത്ത് ഒരു ശതമാനം വോട്ട് കുറഞ്ഞതിന്റെ വിശദികരണവും യോഗം ചർച്ച ചെയ്യും. പത്തനംതിട്ടയിൽ പോൾ ചെയ്ത ഹിന്ദു വോട്ടിന്റെ പകുതി പോലും നേടാൻ കഴിയാതത്തിന്റെ കാരണങ്ങളും ശ്രീധരൻ പിള്ള യോഗത്തിൽ എഴുതി നൽകും.

കത്തിക്കുത്തേറ്റ് യുവാവ് മരിച്ചു

പെരിന്തൽമണ്ണ: ബാറിനു സമീപം കത്തിക്കുത്തിൽ യുവാവ് മരിച്ചു. പട്ടിക്കാട് കല്ലുവെട്ടി മുഹമ്മദ് ഇസ്ഹാഖ്(37) ആണ് മരിച്ചത്. ഇന്നലെ രാത്രി 10 30 ഓടെ പട്ടാമ്പി റോഡിലെ ബാറിന് സമീപമാണ് സംഭവം. ഗുരുതരാവസ്ഥയിൽ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് പുലർച്ചെ 3 മുന്നോടെ മരിച്ചു. കത്തിക്കുത്തിൽ ഒരാൾക്ക് കൂടി പരിക്കുണ്ട്. സംഭവത്തിൽ 4 പേരെ പെരിന്തൽമണ്ണ പൊലീസ് കസ്റ്റഡിയിലെടുത്തു.

ബാരാമുള്ളയിൽ ഭീകരനെ വധിച്ചു

ബാരാമുള്ള: ജമ്മുകാശ്മീരിലെ ബാരാമുള്ള ജില്ലയിൽ സുരക്ഷാ സേനയും ഭീകരരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ സൈന്യം ഒരു ഭീകരനെ വധിച്ചു. ഭികരർ മറഞ്ഞിരിക്കുന്നെന്ന വിവരത്തെത്തുടർന്ന് നടത്തിയ തിരച്ചിലിലാണ് ഭീകരനെ വധിച്ചത്. കൊല്ലപ്പെട്ടയാൾ ഏത് ഭീകര സംഘനടയിൽ ഉള്ളയാളാണെന് ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. ഒരുദിവസം മുമ്പ് ഷോപ്പിയാനിൽ സൈന്യം രണ്ട് ഭീകരരെ വധിച്ചിരുന്നു. അൻസർ ഗസ്വത്തുൾ എന്ന ഭീകര സംഘടനയിൽപ്പെട്ട സയർ അഹമ്മദ് ഭട്ട്, ഷക്കീർ അഹമ്മദ് വഗൈർ എന്നിവരെയാണ് സൈന്യം വധിച്ചത്.

സിവിൽ സ്റ്റേഷനിൽ കെട്ടിട മാലിന്യ കൂമ്പാരം

സിവിൽ സ്റ്റേഷനിലെ ഗെയ്റ്റിന്റെ പടിഞ്ഞാറുവശത്ത് കൂട്ടിയിട്ടിരിക്കുന്ന കെട്ടിടാവശിഷ്ടങ്ങൾ

പാലക്കാട്: സിവിൽ സ്റ്റേഷനിലെ ഗെയ്റ്റിന്റെ പടിഞ്ഞാറുവശത്തുള്ള ഇരുചക്രവാഹനപാർക്കിങ്ങ് സ്ഥലത്ത് കെട്ടിടാവശിഷ്ടങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് പരാതി. സിവിൽ സ്റ്റേഷനിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുമ്പോഴുണ്ടാകുന്ന മാലിന്യങ്ങളാണ് ഇവയെന്നുകരുതുന്നു. അവശിഷ്ടങ്ങൾ നിക്ഷേപിച്ചതിന്റെ താഴെതട്ടിലാണ് സർക്കാർ വാഹനങ്ങളിൽ ചിലത് നിർത്തിയിട്ടിരിക്കുന്നത്. ഇരുചക്രവാഹനക്കാരോ മറ്റ് ചില സാമൂഹ്യവിരുദ്ധരോ ഈ കെട്ടിടാവശിഷ്ടങ്ങൾ തെറിപ്പിച്ചാൽ വാഹനങ്ങളുടെ ചില്ല് പൊട്ടാനും സാധ്യതയുണ്ട്. ജന സഞ്ചാരമില്ലാത്ത ഒഴിഞ്ഞ ഭാഗത്തേക്ക് ഈ കെട്ടിടാവശിഷ്ടങ്ങൾ മാറ്റണമെന്നാണ് ജനകീയാവശ്യം.